C 24720 (Pages : 3) Name.....................................

Reg. No..................................

# SECOND SEMESTER B.A./B.Sc. DEGREE EXAMINATION, MAY 2017

(CUCBCSS)

Common Course—Malayalam

## MAL 2A 02—മലയാള സാഹിത്യം—II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'കടൽ കാക്കകൾ' എന്ന കൃതി രചിച്ചതാര് ?

2 'ഇതിഹാസ കഥാപാത്രങ്ങൾ' എന്ന ലേഖനം ഉൾക്കൊള്ളുന്ന കുട്ടിക്കൃഷ്ണമാരാരുടെ ഗ്രന്ഥമേത് ?

3 'രാധയെവിടെ' എന്ന കൃതി ആരുടേതാണ് ?

4 'ചിന്താവിഷ്ടയായ സീത'യെ ആസ്പദമാക്കി സുകുമാർ അഴിക്കോട് രചിച്ച നിരൂപണ ഗ്രന്ഥം ഏത് ?

5 'രോഗത്തിന്റെ പൂക്കൾ' ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

6 'ആശാന്റെ പണിപ്പുര' രചിച്ചതാര് ?

7 "എല്ലാം മറയ്ക്കുന്ന ലോകമേ നീയൊരു

വല്ലാത്ത നാടകശാല തന്നെ"

—ആരുടെ വരികൾ ?

8 എല്ലുറപ്പുള്ള കവിതയെന്ന് വിശേഷിപ്പിക്കപ്പെട്ടത് ഏത് കവിയുടെ രചനകളെയാണ് ?

9 "അവനീശ്വരിയോർത്തതില്ല, പോ-

ന്നവിടെത്താൻ തനിയേയിരിപ്പതും"

—ആരെക്കുറിച്ചാണ് ഈ പരാമർശം ?

10 'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും'—എന്ന ലേഖനം ആരുടെതാണ് ?

(10 × ½ = 5 marks)

Turn over

II. ഒന്നോ, രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 'തരുവാടിയിലൂടെ കണ്ടിടുന്നൊരു താരാപഥ ഭാഗമെന്ന പോൽ'—സന്ദർഭവും സാരസ്യവും വിശദമാക്കുക.

12 'കലാകാരനു സഹജമായ ഈ അഹന്ത, സാമാന്യ മനുഷ്യർക്ക് അസഹ്യമായിത്തോന്നുന്ന ഈ ആത്മകേന്ദ്രീകരണം–അതാണ് നളിനിയെ നളിനിയാക്കി മാറ്റുന്നത് '—വിവക്ഷിതം വ്യക്തമാക്കുക.

13 ഇതിഹാസങ്ങളിലെ പാത്രസൃഷ്ടിയെപ്പറ്റി സാമാന്യജനങ്ങളുടെ ധാരണകളെന്തെല്ലാം ?

14 'ഇക്കോളജിയുടെ ശാസ്ത്രീയതയല്ല സാംസ്കാരികത'യെന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ?

15 "ഒരു കൈ പ്രഹരിക്കവേ പിടി-

ച്ചൊരു കൈകൊണ്ടു തലോടുമേയിവൾ"

—സീത ഇങ്ങനെ പറയാൻ കാരണമെന്ത് ?

(5 × 2 = 10 marks)

III. ഓരോന്നിനും 150 വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 വൈലോപ്പിള്ളിയുടെ കവനവ്യക്തിത്വത്തെ സച്ചിദാനന്ദൻ നോക്കിക്കാണുന്നതെപ്രകാരമാണ് ?

17 സീതാദേവിയുടെ ബാഹ്യരൂപ വർണ്ണന കാവ്യത്തിന്റെ ഭാവശില്പത്തിന് എത്രത്തോളം യോജിച്ചിരിക്കുന്നു ?

18 "ആരു വിശ്വസിക്കും കൈപ്പിഴയല്ലതെന്നെത്ര

പേരുരച്ചാലും തന്തയ്ക്കിതു ചെയ്യുവാനാമോ"

—അവിശ്വസനീയമായ ആ കൈപ്പിഴ എന്ത് ? വിശദമാക്കുക.

19 'സഹ്യന്റെ മകനിലെ' ആനയുടെ അനുഭവങ്ങളെന്തെല്ലാം ?

20 ചങ്ങമ്പുഴയുടെ അന്ത്യനാളുകളെക്കുറിച്ച് എം.കെ. സാനു നൽകുന്ന അറിവുകളേവ ?

21 ദുര്യോധനന്റെ മാതൃഭക്തി, സഹോദര സ്നേഹം എന്നിവയെക്കുറിച്ച് മാരാർ പറയുന്നതെന്തെല്ലാം ?

22 പാരിസ്ഥിതിക കലയെക്കുറിച്ചുള്ള ജി. മധുസൂദനന്റെ അഭിപ്രായങ്ങൾ വിലയിരുത്തുക.

(5 × 5 = 25 marks)

IV. ഓരോന്നിനും 300 വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 വെറും ചടങ്ങൊപ്പിച്ചുള്ള വിലാപമല്ല, വിശേഷിച്ചൊരു സംവേദനംകൊണ്ടു ചൈതന്യമുണരുന്ന വിലാപം 'ഇവനെക്കൂടി'യിൽ കേൾക്കാം—പരിശോധിക്കുക.

24 'തപന്റെ അമ്മ' എന്ന നോവലിന് ആസ്വാദനം തയ്യാറാക്കുക.

25 നാടകീയ സ്വഗതാഖ്യാന കവിതയെന്ന നിലിയിൽ ജീ. ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ച'നെ വിലയിരുത്തുക.

26 'പട്ടുപാവാട' എന്ന കവിതയിലൂടെ ബാല്യത്തിന്റെ വിവിധ അവസ്ഥകൾ സുഗതകുമാരി ആവിഷ്കരിച്ചിരിക്കുന്നു—വ്യക്തമാക്കുക.

27 'സ്രഷ്ടാവിന്റെ സ്വതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' എന്ന ലേഖനത്തിലെ ആശയം സംഗ്രഹിക്കുക.

28 പാരമ്പര്യത്തിൽ നിന്ന് ഊർജം സ്വീകരിക്കുകയും അതേസമയം നവീനമായൊരു ഭാവുകത്വത്തിലേയ്ക്ക് മുതിരുകയും ചെയ്ത കവികളിൽ പ്രമുഖനാണ് അയ്യപ്പപ്പണിക്കർ—പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(4 × 10 = 40 marks)